(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാന ഇന്റലിജൻസ് വകുപ്പ് മേധാവി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ക്യാമ്പസുകൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇത്തരം വിധ്വംസക പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(എ-സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മൂന്നുവയസ്സുകാരിയെ കാറിൽ പൂട്ടിയിട്ടതിൽ നടപടി

16 (*15) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബാലരാമപുരത്ത് അമിതവേഗം ആരോപിച്ച് തടഞ്ഞ വാഹനത്തിൽ മൂന്നുവയസ്സുകാരിയെ പോലീസ് പൂട്ടിയിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഇക്കാര്യത്തിൽ നെയ്യാറ്റിൻകര ഡി.വൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കുട്ടികളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന സന്ദർഭങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

17 (*16) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 12-8-2021-ലെ സ.ഉ. (സാധാ) നമ്പർ 1735/2021/ആ.കു.വ. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) എങ്കിൽ ഇപ്രകാരമുള്ള അതിക്രമങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സർക്കാർ ആശുപത്രികളിൽ പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളതും ആശുപത്രി പരിസരത്ത് പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതോടൊപ്പം റിപ്പോർട്ടാകുന്ന അതിക്രമ സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് സത്യസന്ധവും നീതിയുക്തവുമായി അന്വേഷണം നടത്തി പ്രതികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് പ്രോസിക്യൂഷന്റെ സഹായത്തോടെ പരമാവധി ശിക്ഷ വാങ്ങി കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(സി) ആരോഗ്യപ്രവർത്തകർക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിൽ കേരള ഹൈക്കോടതി അതൃപ്തി പ്രകടിപ്പിക്കുകയും ആയത് പരിഹരിക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങളും അനിഷ്ട സംഭവങ്ങളും ഭാവിയിൽ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിന് WP(C)നം.10659/2021-ലെ ആർ.പി. നം.379/2021-ലെ 26-8-2021-ലെ ഇടക്കാല ഉത്തരവിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) നിയമത്തിലെ വ്യവസ്ഥകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് ആശുപത്രികളുടെ പരിസരത്ത് വേണ്ടത്ര പ്രചാരണം നൽകുന്നതോടൊപ്പം ഓൺലൈൻ/ഓഫ് ലൈൻ മാധ്യമങ്ങളിലൂടെയും വ്യാപക പ്രചരണം നൽകണമെന്ന് 9-9-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയിൽനിന്നുള്ള ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ആരോഗ്യ പ്രവർത്തകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും അതിക്രമങ്ങൾ ഉണ്ടായാൽ ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് കർശനമായി പാലിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും ആരോഗ്യ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വാക്സിൻ ഉല്പാദന യൂണിറ്റ്

18(*17) ശ്രീ. വി. ജോയി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ തീവ്രവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം രോഗങ്ങളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വാക്സിൻ ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ ഒരു വാക്സിൻ ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനായി 11-6-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 19/2021/ശാ.സാ.വ. പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിരുന്നു. ഇതര സംസ്ഥാനങ്ങളുടെ വാദാനങ്ങൾ അടിസ്ഥാനമാക്കി വ്യത്യസ്ത കമ്പനികൾ ഉന്നയിച്ച ആവശ്യങ്ങൾ അടങ്ങിയ ശിപാർശ, ലൈഫ് സയൻസസ് പാർക്കിൽ വിപുലമായ നിർമ്മാണ യൂണിറ്റുകളും അനുബന്ധ ഗവേഷണ വികസന സൗകര്യവും സ്ഥാപിക്കുവാൻ "ആങ്കർ വ്യവസായങ്ങളായി" മുന്നോട്ടുവരുന്ന കമ്പനികൾക്ക് നൽകേണ്ട സ്പെഷ്യൽ പാക്കേജ്, ഇതര സംസ്ഥാനങ്ങൾ നൽകുന്ന പാക്കേജുകളുടെ താരതമ്യ പ്രസ്താവന എന്നിവ തയ്യാറാക്കുകയും 27-7-2021-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ആയത് പരിഗണിക്കുകയും ചെയ്തു. തുടർന്ന് 10-9-2021-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ.33/2021/ശാ.സ.വ. പ്രകാരം പ്രത്യേക പാക്കേജ് അനുവദിക്കുകയും ചെയ്തു.

(ബി) വാക്സിൻ ഉല്പാദന മേഖലയ്ക്ക് സർക്കാർ നൽകുന്ന ഇളവുകൾ, സർക്കാർ തലത്തിൽ ഒരുക്കുന്ന സൗകര്യങ്ങൾ എന്നിവ വിശദമാക്കാമോ;

(സി) ഉല്പാദിപ്പിക്കുന്ന വാക്സിൻ, സാങ്കേതിക വിദ്യ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly